5. പൊതുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം

12 (*72) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയായ ജലനിധിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതിയിലൂടെ ജലവിതരണം നടത്തുവാൻ പദ്ധതി ഇട്ടിരിക്കുന്നത് ;

(സി) ഇതിനായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഒന്നാംഘട്ട പദ്ധതി പ്രവർത്തനത്തിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് രണ്ടാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് ;

(ഇ) ജലനിധി രണ്ടാംഘട്ടത്തിന്റെ പ്രവർത്തനം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനാകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ലോകബാങ്കുമായുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരികയാണ്. പദ്ധതിയുടെ അവലോകനം മാർച്ച് മാസത്തോടെ നടത്തുവാൻകഴിയുമെന്നും അതിനുശേഷം കരാർ ഒപ്പിടാൻകഴിയുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ തുടക്കമെന്ന നിലയിൽ കേരള സർക്കാർ ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്നനിലയിൽ 30 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ബി) ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിലാണ് ജലവിതരണം നടത്തുവാൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) 1000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗ്രാമപഞ്ചായത്തിന് കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ടുള്ള മാറ്റങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ മാറ്റങ്ങളുടെ പട്ടിക പരിശോധിച്ചുവരുന്നു.

(ഇ) 2011-ൽ തുടങ്ങി 2016-ൽ അവസാനിപ്പിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2016-ൽ പൂർത്തീകരിക്കാം എന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

(എഫ്) ജില്ലതിരിച്ചുള്ള തെരഞ്ഞെടുത്ത ഗ്രാമപഞ്ചാത്തുകളിലെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്തെ ക്യാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ

13 (*73) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്യാൻസർ രോഗ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്താനും പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ബോധവത്ക്കരണം നടത്താനും എന്തൊക്കെ പുതിയ നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി ഡിവിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ;

(സി) ഈ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതൊക്കെ സർക്കാർ/സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പുവരുത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(ഡി) എല്ലാ ജില്ലകളിലും ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞുവോ ;

(ഇ) ഇല്ലെങ്കിൽ ഇനിയും ഏതൊക്കെ ജില്ലകളിലാണ് ഇതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ളത് ; ഇത് എന്ന് പൂർത്തിയാക്കാനാകും ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ക്യാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് പുതിയ റേഡിയോ തെറാപ്പി മെഷീനുകൾ (ലിനിയർ ആക്സിലറേറ്റർ) സ്ഥാപിച്ചു. ഇത്തരം മെഷീനിൽ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സാ പ്ലാനിംഗിനുവേണ്ടി പുതുതായി ഒരു ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റവും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly